# സെയ്ന്റ് ജോസഫ്സ് യൂണിവേഴ്സിറ്റിയിൽ ബിരുദദാന സമ്മേളനം നടത്തി



▶ സെയ്ന്റ് ജോസഫ്സ് യൂണിവേഴ്സിറ്റിയിലെ രണ്ടാമത് വാർഷിക ബിരുദദാന സമ്മേളനത്തിൽ പങ്കെടുക്കുന്ന ഗവർണർ താവർചന്ദ് ഗഹ്ലോത്, ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. എം.സി. സുധാകർ തുടങ്ങിയവർ

**ബെംഗളൂരു▶** സെയ്ന്റ് ജോസഫ്സ് യൂണിവേഴ്സിറ്റിയിൽ രണ്ടാമത് വാർഷിക ബിരുദദാന സമ്മേളനം നടത്തി. ഗവർണർ താവർചന്ദ് ഗഹ്ലോത് അധ്യക്ഷത വഹിച്ചു. ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. എം.സി. സുധാകർ സന്നിഹതനായിരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സയൻസ് എജുക്കേഷൻ ആൻഡ് റിസർച്ച് ഡയറക്ടർ ഡോ. ജരുഗു നരസിംഹമൂർത്തി മുഖ്യാതിഥിയായി. ചാൻസലർ റവ. ഫാ. ഡയനീഷ്യസ് വാസ്, വൈസ് ചാൻസലർ റവ. ഡോ. വിക്ടർ ലോബോ എന്നിവർ സംബന്ധിച്ചു. 2,747 വിദ്യാർഥികളാണ് ഈ വർഷം വിവിധ ബിരുദങ്ങൾ നേടിയത്. ഇതിൽ 738 പേർ ബിരുദാനന്തരബിരുദം സ്വന്തമാക്കിയവരാണ്. 143 പേർ റാങ്ക് ജേതാക്കളായി. 40 പേർക്ക് പ്രത്യേക പുരസ്കാരങ്ങൾ നൽകി.